# <u>രാഷ്ട്രപതിയുടെ ഇസ്രായേല്  സന്ദര്ശനം</u>

ഒക്ടോബര്  06, 2015

ഇന്ത്യയുടെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജി  ആദ്യമായി ഔദ്യോഗികമായി  ഇസ്രയേല് സന്ദർശിക്കും.  ഇസ്രയേല് പ്രസിഡണ്ട് ആദരണീയനായ ശ്രീ രൂവെന് റിവ്‌ലിന്റെ  ക്ഷണം സ്വീകരിച്ചാണ് ഒക്ടോബര് 13, 15  തീയതികളില് നടത്തുന്ന (ഒക്ടോബര് 13, 15, ,2015) സന്ദർശനം . ആദരണീയനായ രാഷ്ട്രപതിയെ കേന്ദ്ര മന്ത്രി ശ്രീ തവാര് ചാന്ദ് ഘെലോട്ട്, (സാമൂഹ്യനീതി-ശാക്തീകരണം) , പാർലമെന്റ് അംഗങ്ങള്, ഉന്നത ഉദ്യോഗസ്ഥര് , നമ്മുടെ വിദ്യാഭ്യാസ, ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മുതിർന്ന  പ്രതിനിധികള് , മാധ്യമ പ്രതിനിധികള് എന്നിവരടങ്ങുന്ന ഉന്നതതല പ്രതിനിധി സംഘവും അനുഗമിക്കുന്നുണ്ട് .

സന്ദർശനത്തിനോടു അനുബന്ധിച്ച് ആദരണീയനായ രാഷ്ട്രപതി, ഇസ്രയേല്  പ്രസിഡണ്ട് റിവ്‌ലിന് , പ്രധാനമന്ത്രി  ശ്രീ ബെഞ്ചമിന് നെതന്യാഹു , ഇസ്രയേല് പാർലമെന്റ് നേസെറ്റ് ,സ്പീക്കര്  ശ്രീ യൂലി - യോല് ഈഡെൽസ്റ്റീന് എന്നിവരുമായി  ചർച്ചകളും കൂടിക്കാഴ്ചകളും നടത്തും .  സന്ദർശനത്തോട് അനുബന്ധിച്ച് ആദരണീയനായ രാഷ്ട്രപതി നേസെട്ടിനെ അഭിസംബോധന ചെയ്യും.  ഇരു വിഭാഗങ്ങളും സാംസ്ക്കാരികം, വിദ്യാഭ്യാസം , ശാസ്ത്ര-സാങ്കേതികവിദ്യ എന്നീ മേഖലകളില് ധാരണാ പത്രങ്ങളും ഒപ്പ് വക്കും .

പലസ്തീനും ഇന്ത്യയും വളരെ ഊഷ്മളവും സൌഹൃദവുമായ ബന്ധമാണ് പങ്ക് വക്കുന്നത് . വികസനത്തിനും സാമ്പത്തിക പിന്തുണക്കും പുറമെ ഉഭയകക്ഷി, ബഹുമുഖ പിന്തുണ ഇന്ത്യ പലസ്തീന് നൽകും. ഈ സന്ദർശനം സൌഹൃദ ബന്ധം കൂടുതല് നവീകരിക്കുകയും ശക്തമാക്കുകയും പലസ്തീന് വിഷയങ്ങളില് ഇന്ത്യ നല്കി വരുന്ന അചഞ്ചലമായ പ്രതിബദ്ധതയെ കൂടുതല് ശക്തിപ്പെടുത്തും

ഇന്ത്യയും ഇസ്രായേലും തമ്മില് നയതന്ത്ര ബന്ധങ്ങള് 1992 മുതല് സ്ഥാപിക്കപ്പെട്ടതാണ്. അത് പിന്നീട് ബഹുമുഖ പങ്കാളിതമായി മാറി. ഇരു രാജ്യങ്ങളും ഉഭയകക്ഷി താത്പര്യമുള്ള മേഖലകളില് ഇടപാടുകള് നടത്തുകയുണ്ടായി, ഇതില് കൃഷി, ശാസ്ത്ര സാങ്കേതിക വിദ്യ , വിദ്യാഭ്യാസം എന്നീ മേഖലകളിലെ സഹകരണം ഉൾപ്പെടുന്നു . സന്ദർശനത്തിലൂടെ  ഇരു രാജ്യങ്ങൾക്കുമിടയിലെ  സഹകരണം കൂടുതല് ശക്തമാക്കുകയും പരസ്പരം മനസ്സിലാക്കുവാനുള്ള അവസരം വർദ്ധിപ്പിക്കുകയും ചെയ്യും.  ടെല് അവീവില് ഇസ്രായേലിലെ ഇന്ത്യന് ജനനതയ്ക്ക് വേണ്ടി നമ്മുടെ സ്ഥാനപതികാര്യാലയം സംഘടിപ്പിക്കുന്ന ഒരു ചടങ്ങില് പങ്കെടുക്കുകയും ചെയ്യും.